## മധുരമായ കുട്ടികളെ - ബാബ വന്നിരിക്കുന്നു നിങ്ങളെ ഈ ദുഃഖത്തിന്റെ ലോകത്തിൽ നിന്ന് മുക്തമാക്കി സുഖധാമത്തിലേക്ക് കൊണ്ട് പോകുന്നതിന്, ധാമമെന്ന് പവിത്രമായ സ്ഥാനത്തെയാണ് പറയുന്നത്

**ചോദ്യം:-** ഈ പരിധിയില്ലാത്ത കളി ഏത് രണ്ട് വാക്കുകളുടെ ആധാരത്തിലണ് ഉണ്ടാക്കിയിട്ടുള്ളത്?
**ഉത്തരം:-** ''സമ്പത്തും ശാപവും'' ബാബ സുഖത്തിന്റെ സമ്പത്ത് നൽകുന്നു, രാവണൻ ദുഃഖത്തിന്റെ ശാപം നൽകുന്നു, ഇത് പരിധിയില്ലാത്ത കാര്യമാണ്. ദേവീ-ദേവതാ ധർമ്മത്തിലുള്ളവർ ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നു. അരകൽപത്തിന് ശേഷം പിന്നീട് രാവണൻ ശാപം നൽകുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ സ്മൃതി വന്നിരിക്കുന്നു നമ്മൾ നിരാകാരി ലോകത്തിലാണ് വസിച്ചിരുന്നത് പിന്നീട് സുഖത്തിന്റെ *പാർട്ടഭിനയിച്ചു*. നമ്മൾ തന്നെ ദേവതയും, ക്ഷത്രിയനും, വൈശ്യനും, ശൂദ്രനുമായി, ഇപ്പോൾ ബ്രാഹ്മണനായി ദേവതയാകുന്നു.

**ഗീതം:-** ഓം നമോ ശിവായ.........

**ഓം ശാന്തി**. ഇതാണ് പരിധിയില്ലാത്ത ബാബയുടെ മഹിമ. ഉയർന്നതിലും ഉയർന്നത് ആ ഭഗവാനാണ് - ഇതെല്ലാവർക്കുമറിയാം. ഉയർന്നതിലും ഉയർന്ന ഭഗവാന്റെ നിർദ്ദേശവും തീർച്ചയായും ഉയർന്നതിലും ഉയർന്നതായിരിക്കും, അതുകൊണ്ടാണ് ശ്രീമതം അർത്ഥം ശ്രേഷ്ഠ മതമെന്ന് പറയുന്നത്. എല്ലാ ഭക്തരും ഭഗവാനെയാണ് ഓർമ്മിക്കുന്നത്. അത് ഭഗവാനാണ്, എങ്കിൽ ഭഗവതിയും ഉണ്ടായിരിക്കണം. പിതാവുണ്ടെങ്കിൽ മാതാവും ഉണ്ടായിരിക്കണം. ഒന്നാണ് ലൗകീക മാതാ-പിതാവ്, മറ്റേതാണ് പാരലൗകിക മാതാ-പിതാവ്. ലൗകിക മാതാ-പിതാവുണ്ടായിട്ടും എപ്പോൾ ആരെങ്കിലും ദുഃഖിയാകുകയാണെങ്കിൽ പാരലൗകിക മാതാ-പിതാവിനെ ഓർമ്മിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ലൗകിക സംബന്ധവുമുണ്ട്. പാരലൗകിക മാതാ-പിതാവ് നിങ്ങളെ പരലോകത്തിലേക്ക് കൊണ്ട് പോകുന്നു. ലൗകികത്തെ ബന്ധനമെന്ന് പറയും, അതിൽ ദുഃഖമാണുള്ളത്. രണ്ട് പരലോകങ്ങളുണ്ട് - ഒന്നാണ് നിരാകാരി ലോകം, അവിടെയാണ് ആത്മാക്കൾ നിവസിക്കുന്നത്, രണ്ടാമത്തേതാണ് സാകാരി ലോകം, അതിനെ സുഖധാമമെന്ന് പറയുന്നു. ഒന്ന് ശാന്തീധാമം, അടുത്തത് സുഖധാമം. ബാബ വന്ന് ഈ ദുഃഖത്തിന്റെ ലോകം, ഏതിനെയാണോ മൃത്യുലോകം അഥവാ പതിത ഭ്രഷ്ടാചാരീ ലോകമെന്ന് പറയുന്നത്, ഇവിടെ നിന്ന് കൊണ്ട് പോകുന്നു. ഇവിടെ എല്ലാവരും പതിതരാണ്. പതിതരെന്ന് അവരെയാണ് പറയുന്നത് ആരാണോ വികാരത്തിലേക്ക് പോകുന്നത്. സത്യയുഗത്തിൽ പാവനരായ സമ്പൂർണ്ണ നിർവ്വികാരികളാണ് വസിക്കുന്നത്. ആദ്യം ലക്ഷ്മീ-നാരായണന്റെ മഹിമ പാടിയിരുന്നു, സ്വയം വികാരിയാണെന്നും മനസ്സിലാക്കിയിരുന്നു. ലക്ഷ്മീ-നാരായണൻ, മഹാരാജാവും-മഹാറാണിയും പവിത്രമായിരുന്നു അതുകൊണ്ട് പ്രജകളെയും പവിത്രമെന്ന് പറയും. അതാണ് സുഖധാമം, വൈകുണ്ഠം. നരകത്തെ ധാമമെന്ന് പറയില്ല. ധാമമെന്ന് പവിത്രമായതിനെയാണ് പറയുന്നത്. ഇതാണ് അപവിത്ര ലോകം. ഭാരതം സുഖധാമമായിരുന്നു. ഇപ്പോൾ പതിത ഭ്രഷ്ടാചാരീ, നരകമാണ്. ഇപ്പോൾ എല്ലാവരെയും സുഖധാമത്തിലേക്ക് കൊണ്ട് പോകണം, അപ്പോൾ തീർച്ചയായും ബാബയ്ക്ക് വരേണ്ടതായുണ്ട്, വന്ന് കുട്ടികളെ സുഖികളാക്കണം. ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. പറയുന്നു അല്ലയോ ബാബാ, ഏറ്റവും ആദ്യം അങ്ങ് ഞങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്താണ് നൽകിയിരുന്നത്. അരകൽപം ഞങ്ങൾ സ്വർഗ്ഗത്തിൽ കഴിഞ്ഞു, അതിനെ പറയുന്നത് തന്നെ സൂര്യവംശീ- ചന്ദ്രവംശീ രാജധാനി എന്നാണ്. ബാബ ഓർമ്മ ഉണർത്തുകയാണ് 21 ജന്മം നിങ്ങൾ സ്വർഗ്ഗത്തിലായിരുന്നു. 8 ജന്മം സത്യയുഗത്തിൽ, 12 ജന്മം ത്രേതായുഗത്തിൽ, ഈ എല്ലാ കാര്യങ്ങളും ബാബയിരുന്നു മനസ്സിലാക്കി തരുന്നു. പറയുന്നു - കുട്ടികളേ നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങളെക്കുറിച്ച് അറിയില്ല, ഞാൻ നിങ്ങൾക്ക് എല്ലാം പറഞ്ഞ് തരുന്നു. നിരാകാരനായ ബാബ നിരാകാരരായ കുട്ടികളോട് സംസാരിക്കുന്നു. പറയുകയാണ് ഈ സാധാരണ ശരീരം *ലോണായെടുത്ത്* ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. അരകൽപം നിങ്ങൾ അശോക വാടികയിലായിരുന്നു, പിന്നീട് നിങ്ങൾ ശോക വാടികയിലേക്ക് വന്നു. സുഖം പൂർത്തിയായി ദുഃഖം വന്നുചേർന്നു. വാമ മാർഗ്ഗമെന്നാൽ നരകം. അതിൽ നിങ്ങൾ ദുഃഖം അനുഭവിക്കുന്നു, പിന്നീട് ബാബ വന്ന് രാവണരാജ്യത്തിൽ നിന്ന് മോചിപ്പിച്ച് രാമരാജ്യത്തിലേക്ക് കൊണ്ട് പോകുന്നു. ഈ കളി ഉണ്ടാക്കിയിട്ടുള്ളതാണ്. ബാബ സുഖത്തിന്റെ സമ്പത്ത് നൽകുന്നു, രാവണൻ ദുഃഖത്തിന്റെ ശാപം നൽകുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. ഇപ്പോൾ ബാബ നിങ്ങൾക്ക് 21 ജന്മത്തേക്ക് സുഖത്തിന്റെ സമ്പത്ത് നൽകിക്കൊണ്ടിരിക്കുന്നു. ഭഗവാൻ സ്വർഗ്ഗം രചിക്കുന്നു, എങ്കിൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് തന്നെയാണ് ലഭിക്കേണ്ടത്. സമ്പത്ത് നേടിയിട്ടുണ്ടായിരുന്നു. മായ അരകൽപം ശാപം നൽകി. നിങ്ങളുടെ

ബുദ്ധിയിൽ മുഴുവൻ ചക്രവുമുണ്ട്. ഈ ചക്രത്തിന്റെ അന്ത്യം ഒരിക്കലും സംഭവിക്കുന്നില്ല. വീണ്ടും സമ്പത്ത് നൽകുന്നതിനായി ബാബയ്ക്ക് വരിക തന്നെ വേണം. ഇപ്പോൾ ബാബ വന്നിരിക്കുന്നു, അറിയാം സമ്പത്ത് അവരാണ് എടുക്കുക ആരാണോ കൽപം മുൻപും എടുത്തിരുന്നത്. ദേവീ-ദേവതാ ധർമ്മത്തിനല്ലാതെ മറ്റാർക്കും സമ്പത്തെടുക്കാൻ സാധിക്കില്ല. ആദ്യം ബ്രാഹ്മണനാകാതെ ദേവതയാകാൻ സാധിക്കില്ല. ആദ്യം നമ്മൾ ആത്മാക്കൾ നിരാകാരീ ലോകത്തിൽ വസിക്കുന്നവരാണ്. പിന്നീട് സുഖത്തിന്റെ *പാർട്ടഭിനയിക്കാൻ* വരുന്നു. നമ്മൾ തന്നെ ദേവതയായി പിന്നീട് ക്ഷത്രിയനും, വൈശ്യനും, ശൂദ്രനുമായി. നമ്മൾ ഈ വർണ്ണങ്ങളിൽ വരുന്നു. ഇപ്പോൾ ആരാണോ ബ്രാഹ്മണനാകുന്നത് അവർ സ്വയത്തെ ബ്രഹ്മാകുമാരനും കുമാരിയെന്നും പറയുന്നു. മനസ്സിലാക്കുന്നു നമ്മൾ സഹോദനും-സഹോദരിയുമായിരിക്കുകയാണ്. പിന്നീട് വികാരീ ദൃഷ്ടി വെയ്ക്കാൻ സാധിക്കില്ല. അറിയാം നമ്മൾ പവിത്രമായി പവിത്ര ലോകത്തിന്റെ അധികാരിയാകും. ബാബയെയും സമ്പത്തിനെയും ഓർമ്മിക്കുന്നു ഒപ്പം ഈ ഒരു ജന്മം പവിത്രമായി കഴിയുന്നു. ഇതാണ് മൃത്യുലോകം. ഇത് മരിച്ച്, അമരലോകം ജയിക്കണം. അവിടെ 5 വികാരങ്ങൾ ഉണ്ടായിരിക്കില്ല, രാവണ രാജ്യം തന്നെ ഇല്ലാതാകും. സത്യ ത്രേതായുഗത്തെ രാമരാജ്യമെന്നും, ദ്വാപര കലിയുഗത്തെ രാവണരാജ്യമെന്നും പറയുന്നു. ഇതേ ഭാരതം വജ്ര സമാനമായിരുന്നു, ഇപ്പോൾ കക്കയ്ക്ക് സമാനമായിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾക്ക് വജ്ര സമാനമായ ജന്മം നൽകുന്നതിന് വന്നിരിക്കുകയാണ്. നിങ്ങൾ എന്റെ നിർദ്ദേശത്തിലൂടെ നടക്കൂ. അല്ലെങ്കിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സുഖം കാണാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ ദുഃഖത്തിന്റെ പേരുണ്ടായിരിക്കില്ല മറ്റൊരു ഖണ്ഡവും ഉണ്ടായിരിക്കില്ല. ഭാരതം തന്നെയാണ് യഥാർത്ഥത്തിൽ പ്രാചീന ഖണ്ഡം. കേവലം ദേവീ-ദേവതകളുടെ മാത്രം രാജ്യമായിരിക്കും അതുകൊണ്ടാണ് അതിനെ സ്വർഗ്ഗമെന്ന് പറയുന്നത്. അരകൽപം നിങ്ങൾ സ്വർഗ്ഗത്തിന്റെ സുഖം അനുഭവിച്ചു പിന്നീട് രാവണ രാജ്യം ആരംഭിച്ചു. സത്യയുഗത്തെ ശിവാലയമെന്ന് പറയുന്നു. ശിവബാബ സ്ഥാപിച്ചതാണ്. ശിവബാബ ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപനയും, ശങ്കരനിലൂടെ നരകത്തിന്റെ വിനാശവും ചെയ്യിക്കുന്നു. ആരാണോ സ്ഥാപിക്കുന്നത് അവർ തന്നെയാണ് സ്വർഗ്ഗത്തിൽ പാലനയും നടത്തുക. അവർ തന്നെയാണ് വിഷ്ണുപുരിയടെ അധികാരിയുമാകുക. ശിവബാബ തന്നെയാണ് ശൂദ്രനിൽ നിന്ന് ബ്രാഹ്മണനാക്കുന്നത്. ഈ സമയം നിങ്ങളുടേത് ബ്രാഹ്മണ വർണ്ണമാണ്. പിന്നീട് ദേവതാ വർണ്ണമാകും. ഇപ്പോൾ നിങ്ങൾ ഈശ്വരനിലൂടെ ബ്രാഹ്മണ വർണ്ണത്തിലേക്ക് വന്നിരിക്കുന്നു പിന്നീട് നിങ്ങൾ ഈശ്വരീയ വർണ്ണത്തിൽ ബാബയോടൊപ്പം പരംധാമത്തിൽ കഴിയും. പിന്നീട് അവിടെ നിന്ന് ദേവതാ വർണ്ണത്തിലേക്ക് വരും. സത്യയുഗത്തിൽ ഒരു ദേവതകളുടെ മാത്രം രാജ്യമായിരുന്നു, ആ സമയം മറ്റൊരു ഖണ്ഡവും ഉണ്ടായിരുന്നില്ല. അതിന് ശേഷമാണ് ഇസ്ലാമിയും, ബൗദ്ധിയും തുടങ്ങിയെല്ലാവരും വന്നത്.

ഇപ്പോൾ നിങ്ങൾ പാണ്ഢവർ യോഗബലത്തിലൂടെ 5 വികാരങ്ങളിൽ വിജയം നേടി വിശ്വത്തിന്റെ അധികാരിയാകുന്നു. ലക്ഷ്മീ-നാരായണൻ, സൂര്യവംശീ സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നു. അവർക്കും സംഗമത്തിൽ ബാബയിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിച്ചത്. സംഗമയുഗം ബ്രാഹ്മണരുടേതാണ്, ബ്രാഹ്മണനാകുന്നില്ല അർത്ഥം അവർ കലിയുഗത്തിലാണ്. ബാബ നിങ്ങളെ വേശ്യാലയത്തിൽ നിന്നെടുത്ത് ശിവാലയത്തിലേക്ക് കൊണ്ട് പോകുകയാണ്. ഇപ്പോൾ നിങ്ങളാണ് ബ്രഹ്മാവിന്റെ കുട്ടികൾ ബ്രഹ്മാകുമാരൻമാരും കുമാരികളും. നിങ്ങൾ സഹോദരീ-സഹോദരൻമാരാണ് നിങ്ങൾക്കൊരിക്കലും വിഷം കുടിക്കാൻ സാധിക്കില്ല. കഴിയേണ്ടത് ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെയാണ്, എന്നാൽ വികാരത്തിലേക്ക് പോകാൻ സാധിക്കില്ല. ഈ രാവണരാജ്യത്തിൽ ജീവിച്ചുകൊണ്ടും കമല പുഷ്പ സമാനം പവിത്രമായി കഴിയണം. പിന്നീട് സൃഷ്ടി എങ്ങനെ വൃദ്ധിപ്പെടുമെന്ന ചോദ്യം ചോദിക്കാൻ സാധിക്കില്ല. ബാബയുടെ ആജ്ഞയാണ് - ഞാൻ പവിത്ര ലോകം നിർമ്മിക്കുന്നതിനായി വന്നിരിക്കുകയാണ്. നിങ്ങൾ ഈ അന്തിമ ജന്മം പവിത്രമാകൂ എങ്കിൽ നിങ്ങൾക്ക് പവിത്ര ലോകത്തിന്റെ അധികാരിയാകാൻ സാധിക്കും. ഇതിൽ തന്നെയാണ് അബലകളുടെ മേൽ അത്യാചാരം നടക്കുന്നത്. രുദ്ര ജ്ഞാന യജ്ഞത്തിൽ അസുരൻമാരുടെ വിഘ്നവും ഉണ്ടാകുന്നു. ബാബ പറയുന്നു ശ്രീമത്തിലൂടെ നടക്കുന്നതിലൂടെ മാത്രമാണ് നിങ്ങൾ ശ്രേഷ്ഠമാകുന്നത്. ഇത്രയും സമയം നിങ്ങൾ ആസുരീയ മതം അർത്ഥം 5 ഭൂതങ്ങളുടെ മതത്തിലായിരുന്നു. ഞാൻ ആത്മാവാണ്, എനിക്ക് ശരീരത്തിലൂടെ *പാർട്ടഭിനയിക്കണം* - ഇതാരും അറിയുന്നില്ല. സാളിഗ്രാമമെന്ന് ആത്മാവിനെ തന്നെയാണ് പറയുന്നത്. സാളിഗ്രാമവും ഇത്രയും വലുതൊന്നുമല്ല. പരമാത്മാവും ഇത്രയും വലുതല്ല. ആത്മാവും അതുപോലെ പരമാത്മാവും നക്ഷത്ര സമാനമാണ്. ആത്മാവിൽ മുഴുവൻ *പാർട്ടും* അടങ്ങിയിട്ടുണ്ട്. ആത്മാവാണ് പറയുന്നത് ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു - *പാർട്ടഭിനയിക്കുന്നതിനായി.* ശ്രീ നാരായണന്റെ ആത്മാവ് പറയും ഞാൻ ശ്രീ നാരായണന്റെ രൂപം ധാരണ ചെയ്ത് ഇത്ര ജന്മം രാജ്യം ഭരിക്കും. ആത്മാവിൽ തന്നെയാണ് മുഴുവൻ അവിനാശീ *പാർട്ടും* അടങ്ങിയിട്ടുള്ളത്, ഇതിനെ തന്നെയാണ് *ഗോഡ് ഫാദർലി നോളജ്* എന്ന് പറയുന്നത്. ഭഗവാനുവാചാ, ആത്മീയ പിതാവ് ആത്മാക്കളെയിരുന്ന് പഠിപ്പിക്കുകയാണ്, ഒരു മനുഷ്യനുമല്ല പഠിപ്പിക്കുന്നത്. ഇത് പരിധിയില്ലാ

ത്ത അച്ഛനാണ് പഠിപ്പിക്കുന്നത്. അപ്പോൾ ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. ഈ സൃഷ്ടി ചക്രത്തെ, രചയിതാവിനെ അഥവാ രചനയുടെ ജ്ഞാനത്തെ ഒരു മനഷ്യനും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ ശിവാലയം സത്യയുഗത്തിൽ രാജ്യം ഭരിക്കുന്നതിന് യോഗ്യരാകുന്നു. ഭാരതം എപ്പോഴാണോ യോഗ്യമായിരുന്നത് അപ്പോൾ വളരെ ബുദ്ധിശാലികളായിരുന്നു. ഇപ്പോൾ ബാബ വീണ്ടും വജ്രസമാനമാക്കുന്നതിന് വന്നിരിക്കുന്നു, എങ്കിൽ ആ ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം. രാവണ മതം നിങ്ങളെ കക്കയ്ക്ക് തുല്യമാക്കുന്നു.

ഈ ലോകത്തിന്റെ ആയുസ്സ് അയ്യായിരം വർഷമാണെന്ന് നിങ്ങൾക്കറിയാം, അതിൽ തന്നെയാണ് പഴയതും പുതിയതുമാകുന്നത്. സത്യ ത്രേതായുഗം പുതിയ ലോകം, ദ്വാപര കലിയുഗം പഴയ ലോകം. ബാബ വീണ്ടും ദൈവീക ലോകത്തിന്റെ സ്ഥാപന ചെയ്യാൻ വന്നിരിക്കുന്നു. നിങ്ങളാത്മാക്കൾ പൂർണ്ണമായും 84 ജന്മമെടുക്കുന്നു. ആത്മാവ് തന്നെയാണ് ഈ ശരീരത്തിലൂടെ കേൾക്കുന്നതും സംസാരിക്കുന്നതും ഒരു പഴയ ശരീരം ഉപേക്ഷിച്ച് പുതിയതെടുക്കുന്നതും. ആത്മാക്കൾക്ക് ബാബയിപ്പോൾ ഈ ജ്ഞാനം നൽകിയിരിക്കുകയാണ് അതായത് ആദ്യം നമ്മൾ ബാബയോടൊപ്പം *സ്വീറ്റ് ഹോമിലായിരുന്നു* പിന്നീട് നമ്മൾ തന്നെ ദേവതയും, ക്ഷത്രിയനും വൈശ്യനുമായി. ഇപ്പോൾ ഇത് നമ്മുടെ അന്തിമ ജന്മമാണ്. നമ്മൾ ബ്രാഹ്മണർ സ്വർഗ്ഗത്തിന്റെ സമ്പത്തെടുത്ത് ദേവതയാകും. പുതിയ ശരീരം ധരിക്കും. ഈ ചക്രം ബുദ്ധിയിൽ കറങ്ങണം. പവിത്രമായി കഴിയുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ രാജാവാകും. കൽപം മുൻപത്തേത് പോലെ ആരാണോ ആയിതീർന്നിട്ടുള്ളത് അവരുടെ ബുദ്ധിയിലാണ് ഈ കാര്യം വരിക. അല്ലെങ്കിൽ ബുദ്ധിയിലേക്ക് വരികയില്ല. ലോകത്തിന്റെ ചരിത്രവും-ഭൂമിശാസ്ത്രവും മനസ്സിലാക്കുന്നതിനുള്ളതാണ്. ചിലർ അറിഞ്ഞതിന് ശേഷം പോലും ഈ പഠിത്തം ഉപേക്ഷിക്കുന്നു. സ്വർഗ്ഗത്തിലേക്ക് വരും എന്നാൽ യോഗിയായി വികർമ്മം വിനാശമാക്കിയില്ലെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. സ്വർഗ്ഗത്തിൽ വരും എന്നാൽ കുറഞ്ഞ പദവിയായിരിക്കും നേടുന്നത്. സ്വർഗ്ഗത്തിൽ ആദ്യം പാവന മഹാരാജാവും- മഹാറാണിയുമായിരുന്നു അവർ തന്നെയാണ് പിന്നീട് പതിത രാജാ റാണിയായത്. ഇപ്പോഴാണെങ്കിൽ അത്തരത്തിലുള്ള രാജാ റാണിമാരും ഇല്ല. ഇപ്പോൾ വീണ്ടും ബാബയിലൂടെ പാവന രാജാവും റാണിയുമായിക്കൊണ്ടിരിക്കുന്നു. ഈ ഈശ്വരീയ ജ്ഞാനം നിരാകാരനായ ബാബ തന്നെയാണ് പഠിപ്പിക്കുന്നത്. സാകാരത്തിൽ ഈ ബ്രഹ്മാവും ആ നിരാകാരനിൽ നിന്ന് തന്നെയാണ് കേട്ടുകൊണ്ടിരിക്കുന്നത്. നിരാകാരനായ ബാബയിരുന്ന് പഠിപ്പിക്കുന്നു. ഈ ജ്ഞാനത്തിലൂടെ തന്നെയാണ് മനഷ്യനിൽ നിന്ന് ദേവതയാകുന്നത്, ഈ ബ്രഹ്മാവിന്റെ ആത്മാവും പഠിക്കുകയാണ്. നല്ലതോ മോശമോ ആയ സംസ്ക്കാരം ആത്മാവിൽ തന്നെയാണുള്ളത്. നല്ല സംസ്ക്കാരമാണെങ്കിൽ നല്ല വീട്ടിൽ ജന്മമെടുക്കും. ചിലർ പഠിച്ച്-പഠിച്ച് പിന്നീട് ജ്ഞാനം പോലും ഉപേക്ഷിക്കുന്നു. മായ തന്റെ വശത്തേക്ക് ആകർഷിക്കുന്നു. ഒരു വശത്ത് രാവണന്റെ മതം, മറുവശത്ത് രാമന്റെ മതം. ഈ അന്തിമ ജന്മത്തിൽ രാമന്റെ മതത്തിലൂടെ നടക്കണം. രാവണൻ ജയിക്കുന്നതിലൂടെ ചിലപ്പോൾ തിരിച്ചിറങ്ങി പോകുന്നു. പിന്നീട് രാമനോട് ശത്രുവായി മാറുന്നു. അവർക്കുള്ള ശിക്ഷ വളരെ കടുത്തതാണ്. നിങ്ങൾ രാമനെ ശരണം പ്രാപിച്ചിരിക്കുന്നു. പിന്നീട് ദ്രോഹിയായി മാറി രാവണന്റെ ശരണമെടുത്താൽ രാമന്റെ നിന്ദ വരുത്തിവെയ്ക്കും. നിങ്ങളുടെ ബുദ്ധിയിലുണ്ട്, ശരിയ്ക്കും ഈ രാമരാജ്യത്തിന്റെയും രാവണരാജ്യത്തിന്റെയും കളി ഉണ്ടാക്കിയിട്ടുള്ളതാണ്. സത്യയുഗം സതോപ്രധാനം, ത്രേതാ സതോ, പിന്നീട് ദ്വാപരം രജോ, കലിയുഗം തമോ, നിങ്ങളിപ്പോൾ സതോപ്രധാനത്തിലേക്ക് പോകും. ബാബ വന്ന് സതോപ്രധാനമാക്കുന്നു. പിന്നീട് 16 കലയിൽ നിന്ന് 14 കലയിലേക്ക് വരണം. പിന്നീട് രാവണന്റെ കൂട്ടുകെട്ടിൽ കലകൾ കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഇപ്പോൾ കലിയുഗത്തിൽ ഒരു കലയും അവശേഷിക്കുന്നില്ല. എല്ലാവരും പറയുന്നുണ്ട് ഞങ്ങൾ പതിത ഭ്രഷ്ടാചാരികളാണ്. പതിത ലോകത്തിന്റെ വിനാശം സംഭവിക്കണം, പാവന ലോകം സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പരിധിയില്ലാത്ത ബാബയ്ക്ക് കുട്ടികളെ അറിയാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ ഭഗവാന്റെ വീട്ടിലാണിരിക്കുന്നത്. നിങ്ങൾ ബ്രാഹ്മണ ബ്രാഹ്മണിമാർ പിന്നീട് ദേവതയാകും, പിന്നീട് ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ... ഇത് ചക്രമാണ്. ചക്രവർത്തി നിങ്ങൾ ബ്രാഹ്മണരാണ്. രാജയോഗം അഭ്യസിച്ച് ജ്ഞാനം ധാരണ ചെയ്യുന്നതിലൂടെ ചക്രവർത്തീ രാജാ-റാണിയാകും. അതുകൊണ്ട് പുരുഷാർത്ഥം ചെയ്ത് സ്വർഗ്ഗത്തിൽ ഉയർന്ന പദവി നേടണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഈ അന്തിമ ജന്മത്തിൽ രാമന്റെ മതത്തിലൂടെ നടക്കണം. ഒരിക്കലും രാമന്റെ ശരണം ഉപേക്ഷിച്ച് രാവണന്റെ ശരണത്തിലേക്ക് പോയി ബാബയുടെ നിന്ദ ചെയ്യിക്കരുത്.

2) ശിക്ഷകളിൽ നിന്ന് മുക്തമാകുന്നതിന് വേണ്ടി യോഗിയായി വികർമ്മം വിനാശമാക്കണം. പവിത്ര ലോകത്തിലേക്ക് പോകുന്നതിന് വേണ്ടി തീർച്ചയായും പവിത്രമാകണം.

**വരദാനം:-പരിധിയില്ലാത്ത അധികാരത്തെ സ്മൃതിയിൽ വെച്ച് സമ്പൂർണ്ണതയുടെ ആശംസകൾ ആഘോഷിക്കുന്ന മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.**

സംഗമയുഗത്തിൽ താങ്കൾ കുട്ടികൾക്ക് സമ്പത്തും പ്രാപ്തമാണ്, പഠിപ്പിന്റെ ആധാരത്തിൽ വരുമാന മാർഗ്ഗവുമാണ് മാത്രമല്ല വരദാനവും ലഭിച്ചിട്ടുണ്ട്. മൂന്നിന്റെയും സംബന്ധത്തിലൂടെ ഈ അധികാരത്തെ സ്മൃതിയിലേക്ക് കൊണ്ടുവന്ന് ഓരോ ചുവടും വെക്കൂ. ഇപ്പോൾ സമയവും പ്രകൃതിയും മായയും വിട ചൊല്ലാൻ വേണ്ടി പ്രതീക്ഷിച്ചിരിക്കുകയാണ്, കേവലം താങ്കൾ മാസ്റ്റർ രചയിതാവായ കുട്ടികൾ സമ്പൂർണ്ണതയുടെ ആശംസകൾ ആഘോഷിക്കൂ, അവർ വിട വാങ്ങും. ജ്ഞാനത്തിന്റെ ദർപ്പണത്തിൽ നോക്കൂ അതായത് അഥവാ ഈ നിമിഷം വിനാശമുണ്ടായാൽ ഞാൻ എന്താകും?

**സ്ലോഗൻ:- ഓരോ സമയത്തും ഓരോ കർമ്മത്തിലും ബാലൻസ് (സന്തുലനം)വെക്കൂ എങ്കിൽ സർവ്വരുടെയും ബ്ലസ്സിംഗ്(ആശീർവാദം) താനേ പ്രാപ്തമാകും.**